# ഫോറം ഓഫ് ബി.എസ്.എൻ.എൽ.യൂണിയൻസ്/ അസോസിയേഷൻസ്

## കേരള സർക്കിൾ

സർക്കുലർ നമ്പർ: 13/2015 28-4-2015

### പ്രതികാര നടപടികൾക്കെതിരെ

# ഏപ്രിൽ 29 പ്രതിഷേധ പ്രകടനം

### ചീഫ് ജനറൽമാനേജർ/ജനറൽമാനേജർ ഓഫീസുകൾക്കു മുമ്പിൽ

സഖാവെ, സുഹൃത്തെ,

ഏപ്രിൽ 21,22 തീയതികളിൽ ബി.എസ്.എൻ.എൽ മേഖലയിൽ നടന്നദ്വിദിന പണിമുടക്ക് പൂർണ്ണമായിരുന്നു. ബി.എസ്.എൻ.എൽ സംരക്ഷിക്കണമെന്ന ജീവനക്കാരുടെയും ഓഫീസർമാരുടെയും ശക്തമായ വികാരം പണിമുടക്കിൽ പ്രതിഫലിച്ചു. അതുകൊണ്ടുതന്നെ പണിമുടക്ക് വമ്പിച്ചവിജയമായി. ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർ ഓഫീസുകളിൽ പലതും അടഞ്ഞുകിടന്നു. സബ് ഡിവിഷൻ, ഡിവിഷൻ ഓഫീസുകൾ തുറന്നില്ല. സിവിൽ, ഇലക്ട്രിക്കൽ വിഭാഗം പൂർണ്ണമായും സ്തംഭിച്ചു. അറ്റകുറ്റപ്പണികൾ നടന്നില്ല. ബി.എസ്.എൻ.എൽ ഓഫീസുകൾ ശൂന്യവും മൂകവുമായി മാറി. ജീവനക്കാരുടെ ശക്തമുയ പ്രതികരണം മാനേജ്മെന്റിനെ അസ്വസ്ഥമാക്കി. സർക്കിൾ ഓഫീസുൾപ്പെടെ മിക്കവാറും എല്ലാ ഓഫീസുകളിലും പോലീസിനെ വിന്യസിച്ചു. പോലീസ് സഹായത്തോടെ പണിമുടക്ക് പരാജയപ്പെടുത്താൻ പല സ്ഥലങ്ങളിലും ശ്രമം നടന്നു. ജീവനക്കാരുടെ സംഘടിത ചെറുത്തുനില്പിന് മുന്നിൽ അതെല്ലാം പരാജയപ്പെട്ടു. സർക്കിൾ ഓഫീസി പോലീസിനെ ഉപയോഗിച്ച് ജീവനക്കാരെ കയ്യേറ്റം ചെയ്യിക്കാൻ ശ്രമമുണ്ടായി. പണിമുടക്ക് പരാജയപ്പെടുത്താൻ ബോധപൂർവ്വം ശ്രമിച്ച ചില ഉദ്യോഗസ്ഥ മേധാവികളോട്, പണിമുടക്കുമായി സഹകരിക്കാൻ ഫോറം നേതാക്കൾ അഭ്യർത്ഥിച്ചു. സർക്കിൾ ഓഫീസിൽ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ നിരവധി പോലീസുകാർ നിൽക്കുന്ന സന്ദർഭത്തിലാണ്, സർക്കിൾ അധികാരികൾ, തിരുവനന്തപുരത്തെ ഉന്നത പോലീസുദ്യോഗസ്ഥരെ ഫോണിൽ വിളിച്ച് പണിമുടക്കുന്ന ജീവനക്കാരെയും ഓഫീസർമാരെയും കുറിച്ച് പരാതി ഉന്നയിച്ചത്. പോലീസ് സംഭവസ്ഥലത്ത് പാഞ്ഞെത്തുകയും ഒരു പ്രകോപനവുമില്ലാതെ പണിമുടക്കിയ സഖാക്കൾക്കുനേരെ പാഞ്ഞടുക്കുകയും ചെയ്തു. ചെറുത്തുനിന്ന നേതാക്കളെയും പ്രവർത്തകരെയും പോലീസ് കൈയ്യേറ്റം ചെയ്യുമെന്ന സ്ഥിതി ഉണ്ടായി. പോലീസ് അധികാരികൾക്ക് തെറ്റിദ്ധാരണാജനകമായ വിവരം സർക്കിൾ അധികാരികൾ നൽകിയതിന്റെ ഫലമായിട്ടാണ് പോലീസ് പ്രവർത്തകർക്കുനേരെ കൈയ്യേറ്റത്തിന് ശ്രമിച്ചത്. ജീവനക്കാരും ഓഫീസർമാരും ശക്തമായ പ്രതിരോധം തീർത്തതിനാൽ വലിയതോതിൽ മുന്നോട്ടുപോകാൻ പോലീസിന് കഴിഞ്ഞില്ല. ജീവനക്കാരെ കയ്യേറ്റം ചെയ്യിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി പോലീസിനെ വിളിച്ചുവരുത്തിയ മാനേജ്മെന്റ് നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

പണിമുടക്കിൽ പങ്കെടുത്തുവെന്നതിന്റെ പേരിൽ സർക്കിൾ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനെ സർക്കിൾ അധികാരികൾ സ്ഥലംമാറ്റുകയുണ്ടായി. ജീവനക്കാരുടെ പ്രക്ഷോഭങ്ങൾ നടന്ന സന്ദർഭങ്ങളിലെല്ലാം അതിനെ നേരിടുന്നതിൽ പരാജയപ്പെട്ടു വെന്നാരോപിച്ച് പല ഉദ്യോഗസ്ഥന്മാരെയും ഇതിനുമുമ്പ് സ്ഥലംമാറ്റുകയോ അല്ലെങ്കിൽ സെക്ഷൻ മാറ്റി നൽകുകയോ ചെയ്തിട്ടുണ്ട്. ജീവനക്കാരെയും ഓഫീസർമാരെയും നിരന്തരമായി ഭീഷണിപ്പെടുത്തുകയും പ്രക്ഷോഭ സമരങ്ങൾക്ക് നിയന്ത്രണ മേർപ്പെടുത്തുകയും ചെയ്യുകയെന്നത് സർക്കിൾ അധികാരികളുടെ സമീപനമാണ്. ജീവനക്കാരെയും ഓഫീസർമാരെയും പല ഘട്ടങ്ങളിലും തെറിയഭിഷേകം നടത്തുകയെന്നതും ഇത്തരക്കാരുടെ വിനോദമാണ്. ഫെബ്രുവരി 6,7,8തീയതികളിൽ ധർണ

നടത്തിയവർക്ക് ലീവനുവദിക്കാതെ ശമ്പളം കട്ട് ചെയ്യിച്ചത്, അതോടൊപ്പം ധർണ നടത്തിയവരുടെ ഫോട്ടോ എടുപ്പിച്ചതും സർക്കിൾ അധികാരികൾ തന്നെയാണ്. ഏപ്രിൽ 21,22 ന്റെ വിജയകരമായ പണിമുടക്കിൽ വിറളിപൂണ്ട അധികാരികൾ ശിക്ഷാ നടപടികൾക്ക് കളമൊരുക്കുകയാണ്. ഈ സാഹചര്യത്തിൽ ഏപ്രിൽ 27 ന് പി & ടി ഹൗസിൽ ചേർന്ന ഫോറം സർക്കിൾതലയോഗം സ്ഥിതിഗതികൾ വിശദമായി വിലയിരുത്തിയതിനുശേഷം പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാൻ തീരുമാനിച്ചു. എൻ.യു.ബി.എസ്.എൻ.എൽ. (എഫ്.എൻ.ടി.ഒ) നേതാവ് ശ്രീ.ദിവാകരൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കൺവീനർ കെ.മോഹനൻ നിലവിലെ സാഹചര്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയുണ്ടായി. എസ്.പ്രതാപ് കുമാർ, പി.ഗോപകുമാർ, പി.ഗണേശൻ (ബിഎസ്.എൻ.എൽ.ഇ.യു), നൗഷാദ് (എ.ഐ.ബി.എസ്.എൻ.എൽ.ഇ.എ), സഹീർ (എ.ഐ.ജി.ഇ.ടി.ഒ.എ), ബി.സുശീലൻ (സേവാ ബി.എസ്.എൻ.എൽ), ജി.പ്രേംകുമാർ, ടി.സന്തോഷ് കുമാർ, കുമാർജി (എസ്.എൻ.ഇ.എ) എന്നിവർ യോഗത്തിൽ പങ്കെടുത്തു. മറ്റ് സംഘടനാനേതാക്കൾ അസൗകര്യമറിയിച്ചു. വിശദമായ ചർച്ചകൾക്കുശേഷം മാനേജ്മെന്റിന്റെ പ്രതികാര നടപടികൾക്കെതിരെ പ്രതിഷേധിക്കണമെന്ന് തീരുമാനിച്ചു. ഏപ്രിൽ 28 ന് സംഘടനാ നേതാക്കൾ ജനറൽ മാനേജർ (എച്ച്.ആർ) സർക്കിൾ ഓഫീസിനെ കണ്ട് പ്രതിഷേധമറിയിക്കണമെന്നും, 29 ന് സി.ജി.എം./ജി.എം. ഓഫീസുകൾക്കു മുമ്പിൽ പ്രതിഷേധ പ്രകടനം സംഘടിപ്പിക്കണമെന്നും തീരുമാനിച്ചു. കൂടാതെ 28 ന് സി.ജി.എം. നടത്തുന്ന പത്രസമ്മേളനത്തിൽ പങ്കെടുക്കേണ്ടതില്ലെന്നും തീരുമാനമെടുക്കുകയുണ്ടായി.

ബി.എസ്.എൻ.എൽ. നൽകുന്ന രാത്രികാല സൗജന്യം സംബന്ധിച്ച് വിശദീകരിക്കുന്നതിന് ഏപ്രിൽ 28 ന് സി.ജി.എം.ടി. പത്രസമ്മേളനം വിളിച്ചുചേർത്തിരുന്നു. സംഘടനാ നേതാക്കളെ ഈ പത്രസമ്മേളനത്തിൽ പങ്കെടുക്കാൻ (വെറും കാഴ്ചക്കാരായി) ക്ഷണിക്കുകയുണ്ടായി. ബി.എസ്.എൻ.എൽ.മേഖലയിലുള്ള വിഷയങ്ങൾ സംഘടനകളുമായി സർക്കിൾതലത്തിൽ ചർച്ചചെയ്യാനും, രാത്രികാല സൗജന്യം സംബന്ധിച്ച് ജനങ്ങളിലെത്തിക്കാനും, അതോടൊപ്പം പ്രചരണപരിപാടികൾ പ്ലാൻ ചെയ്യാനും ശ്രമിക്കുന്നതിനുപകരം, പ്രചരണം സംബന്ധിച്ച് ഏകപക്ഷീയമായി ഉത്തരവിറക്കുകയും, പത്രസമ്മേളനത്തിൽ കാഴ്ചക്കാരാകാൻ നേതാക്കളെ ക്ഷണിക്കുകയും ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് പത്രസമ്മേളനം ബഹിഷ്കരിക്കാനും ഫോറം തീരുമാനിച്ചിരുന്നു. സൗജന്യം നൽകുന്നതുമായി ബന്ധപ്പെട്ട് എസ്.എസ്.എ.കളിൽ യോഗം വിളിക്കാൻ സർക്കിൾ അധികാരികൾ നിർദ്ദേശിച്ചിട്ടുണ്ട്. വലിയ ചെലവ് വരുന്ന പ്രചരണ പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കരുത്. റിട്ടയർ ചെയ്യുന്ന ജീവനക്കാരന് ബ്രീഫ്കേസ് പോലും നല്കാത്ത മാനേജ്മെന്റ്, പ്രചരണത്തിനായി വാരിക്കോരി ചെലവഴിക്കാൻ തയ്യാറാകുന്നത് അംഗീകരിക്കാൻകഴിയില്ല. മാനേജ്മെന്റിന്റെ പ്രതികാര നടപടികൾ ക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിനുവേണ്ടി ഏപ്രിൽ 29 ന് നടക്കുന്ന പ്രകടനം വൻവിജയമാക്കണമെന്നഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,
സർക്കിൾ സെക്രട്ടറിമാർ

കെ.മോഹനൻ (ബി.എസ്.എൻ.എൽ.ഇ.യു)
ലതിക ജി. നായർ (എൻ.എഫ്.ടി.ഇ)
കെ.വി.ജോസ് (എൻ.യു.ബി.എസ്.എൽ.ഡബ്യ്യൂ) (എഫ്.എൻ.ടി.ഒ)
ആർ. തുളസീധരൻ പിള്ള (ബി.ടി.ഇ.യു ബി.എസ്.എൻ.എൽ)
ടി.വി. രാജീവൻ നായർ (ബി.എസ്.എൻ.എൽ.എം.എസ്)
യു.പ്രേമൻ (ടി.ഇ.പി.യു)
ബീ.സുശീലൻ (സേവാ ബി.എസ്.എൻ.എൽ)
ജോർജ്ജ് വർഗ്ഗീസ് (എസ്.എൻ.ഇ.എ)
വി.ഷാജി (എ.ഐ.ബി.എസ്.എൻ.എൽ.ഇ.എ)
വി.കെ. രാമചന്ദ്രൻ (എ.ഐ.ജി.ഇ.ടി.ഒ.എ).